അസ്തമിക്കുന്ന അമേരിക്കയും അമാന്യതയുടെ അടയാളങ്ങളും

ഫാ. ഡോ. കെ. എം. ജോർജ്ജ്

അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിനെ ലോകം മുഴുവൻ ശ്രദ്ധിക്കുന്നത് സ്വാഭാവികമാണ്. യൂറോപ്യൻ ശക്തികളുടെ കൊളോണിയൽ കാലഘട്ടത്തിനു ശേഷം ലോകഗതിയെ നിയന്ത്രിക്കുന്ന വൻ ശക്തിയായി അമേരിക്ക മാറി. അതിന്റെ പ്രസിഡന്റ് ലോകരാഷ്ട്രങ്ങളുടെ ഭാഗധേയം നിർണയിക്കുന്ന വ്യക്തിയായും തീർന്നു. ഏതാണ്ട് 70 വർഷത്തെ സോവിയറ്റ് യൂണിയന്റെ ആയുസ്സ് കഴിഞ്ഞപ്പോൾ വൻ രാഷ്ട്രീയ ചേരികൾ ഇല്ലാതാവുകയും, രണ്ടാം ലോകയുദ്ധത്തിനുശേഷം ഉടലെടുത്ത ശീതയുദ്ധം (Cold War) അവസാനിക്കുകയും അതുവരെ ഉണ്ടായിരുന്ന രാഷ്ട്രീയവും സാമ്പത്തികവും പ്രത്യയശാസ്ത്രപരവുമായ ഇരുധ്രുവ സങ്കല്പം അസ്തമിക്കുകയും ചെയ്തു. അങ്ങനെ അമേരിക്ക ലോകത്തിന്റെ കേന്ദ്രമായി ഏകധ്രുവം (Unipolarity) ആകുകയും അമേരിക്കൻ പ്രസിഡന്റ് ലോകത്തിന്റെ ഏകാധിപതി ആവുകയും ചെയ്തു. ജനാധിപത്യത്തിന്റെ ആണിക്കല്ലുകളിലാണ് അമേരിക്കൻ ഐക്യനാടുകൾ രൂപംപ്രാപിച്ചതെങ്കിലും അവിടെ തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റ് വാസ്തവത്തിൽ ഏകചത്രാധിപതി ആണ്. ഇംപീച്ച്മെന്റും മറ്റും സാധ്യമാണെങ്കിലും തിരുവായ്ക്ക് എതിർവാ ഇല്ല എന്ന നിലയിലാണ് ലോകത്തിലെ ഏറ്റവും ശക്തമായ ജനാധിപത്യ രാഷ്ട്രത്തിൽ പ്രസിഡന്റ് ഭരിക്കുന്നത്. അതുകൊണ്ട് പ്രസിഡന്റ് നന്നായാൽ എല്ലാം നന്നായി. അല്ലെങ്കിൽ എല്ലാം കുഴപ്പത്തിലായി.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഡൊണാൾഡ് ട്രംപ് തോറ്റപ്പോൾ (അദ്ദേഹം ഇതുവരെ സമ്മതിച്ചിട്ടില്ല) ലോകത്തിൽ ഒരു നല്ല പങ്ക് ആശ്വാസത്തിന്റെ നെടുവീർപ്പിട്ടു. കാരണം, ആ മഹൽ രാജ്യത്തിന്റെ പ്രസിഡന്റ് ഒരു മാന്യൻ (gentleman) ആയിരിക്കണം എന്ന സങ്കൽപം പരക്കെയുണ്ട്. എന്നാൽ മാന്യതയുടെയും ചിത്തസംസ്കാരത്തിന്റെയും സകല നിയമങ്ങളും കാറ്റിൽ പറത്തിയാണ് നാലു വർഷം ട്രംപ് ഭരിച്ചത്. അങ്ങേർ സഹസ്ര കോടീശ്വരനാണ്. സമ്പത്തിന്റെ ധാർഷ്ട്യവും അറിവില്ലായ്മയുടെ അഹങ്കാരവും ചേർന്ന് സൃഷ്ടിച്ച ചിത്രങ്ങൾ ലോകം ഒട്ടൊക്കെ അവജ്ഞയോടും അദ്ഭുതത്തോടും കൂടിയാണ് കണ്ടത്.

ട്രംപിന്റെ വലിയ പ്രശ്നം തന്റെ 'വായിലിരുപ്പ്' ആയിരുന്നു. മലയാളത്തിൽ നാം "ചിലരുടെ കൈയിലിരുപ്പ്" എന്നു പറയാറുണ്ടല്ലോ – അത് പ്രവൃത്തിയെ കുറിക്കുന്നതാണ്. ട്രംപ് ചെയ്ത ചില കാര്യങ്ങൾ മറ്റ് ചില പ്രസിഡന്റന്മാരും നടത്തിയേക്കും. റിച്ചാർഡ് നിക്സണും റീഗനും ജോർജ് ബുഷ് ജൂണിയറുമൊന്നും അക്കാര്യത്തിൽ മെച്ചമായിരുന്നു എന്നു പറഞ്ഞുകൂടാ. അവർ ചെയ്യാതിരുന്ന ചില നല്ല കാര്യങ്ങളും ട്രംപ് ചെയ്തു. എന്നാൽ അവരിൽനിന്നു വ്യത്യസ്തനായി ട്രംപിന്റെ നാവിൽ നിന്നു വീണ വാക്കുകൾ ലോകത്തിനു മുഴുവൻ ആക്ഷേപകരവും പലർക്കും വേദന ഉളവാക്കുന്നതുമായിരുന്നു. ബുദ്ധിയും പക്വതയുമുള്ള ഒരു നേതാവിൽ നിന്ന് ആരും പ്രതീക്ഷിക്കാത്ത പ്രയോഗങ്ങളാണ് ട്രംപിന്റെ വായിൽ നിന്നു വന്നത്. അതുകൊണ്ടാണ് അങ്ങേരുടെ വായിലിരുപ്പായിരുന്നു പ്രശ്നം എന്നു സൂചിപ്പിച്ചത്.

രണ്ടു മൂന്നു കാര്യങ്ങൾ എല്ലാ രാഷ്ട്രനേതാക്കളും മതനേതാക്കളും ഒക്കെ ട്രംപിൽ നിന്നു പഠിക്കേണ്ടതാണ്.

ഒന്നാമതായി, നാം എത്ര ശക്തരാണെങ്കിലും മറ്റുള്ളവരുടെ സഹായവും സൗഹൃദവും ഏതെങ്കിലുമൊരു ബിന്ദുവിൽ നമുക്ക് ആവശ്യമായി വരും. അതുകൊണ്ട് ശത്രുവിനെപ്പോലും അപഹസിക്കുമ്പോൾ വാക്കുകൾ സഭ്യതയ്ക്കും മാന്യതയ്ക്കും ഉള്ളിൽ നിർത്തേണ്ടതാണ്. ഇപ്പോൾ സോഷ്യൽ മീഡിയ കൂടി ശക്തമായതുകൊണ്ട് നമ്മുടെ പാളിപ്പോകുന്ന വാക്കുകളും ശരീരഭാഷയും പോലും ലോകമാസകലം വൈറസ് പോലെ പടരുകയും, മാധ്യമങ്ങളും മറ്റു തൽപരകക്ഷികളും അത് കൂടെക്കൂടെ റീപ്ലേ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും.

രണ്ടാമതായി, ഡമോക്രസി എന്ന ജനാധിപത്യം അമേരിക്കയ്ക്കു കിട്ടിയത് ബ്രിട്ടണിൽ നിന്നാണ്. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കൊളോണിയൽ മുഷ്കിനോട് പടവെട്ടിയാണ് വെള്ളക്കാരായ യൂറോപ്യൻ കുടിയേറ്റക്കാർ അമേരിക്കൻ ഐക്യനാടുകൾ സൃഷ്ടിച്ചത്. ഏബ്രഹാം ലിങ്കൺ, ജോർജ് വാഷിംഗ്ടൺ തുടങ്ങിയ പേരുകളൊക്കെ ചരിത്രത്തിൽ പതിഞ്ഞത് ഉന്നതമായ ആദർശങ്ങളുടെ പ്രതീകമായിട്ടാണ്. പ്രസിഡന്റ് ട്രംപ് ഇപ്പോഴും അധികാരം വിടാതെ പിടിച്ചു വച്ചിരിക്കുന്നത് ഈ ജനായത്ത തത്വങ്ങളെ

പരസ്യമായി വെല്ലുവിളിച്ചുകൊണ്ടാണ്. ലോകത്തിന്റെ പൊതു മാന്യതാ സങ്കൽപത്തിന് കളങ്കം വരുത്തുന്ന ട്രംപ് പുതിയ ലോകത്തിനും അതിന്റെ നേതാക്കന്മാർക്കും ഒരു തരത്തിലും അനുകരണീയനല്ല.

മൂന്നാമതായി, അമേരിക്കൻ ഭൂഖണ്ഡത്തിന്റെ യഥാർത്ഥ അവകാശികൾ അമേരിക്കയിലെ ആദിവാസി ഗോത്രങ്ങളാണ്. നാം റെഡ് ഇന്ത്യൻസ് എന്നൊക്കെ വിളിച്ചുകൊണ്ടിരുന്ന ഈ പുരാതന ഗോത്രങ്ങളെയാണ് ഇംഗ്ലണ്ടിൽ നിന്നും യൂറോപ്പിന്റെ മറ്റു ഭാഗങ്ങളിൽ നിന്നുമെത്തിയ വെള്ളക്കാർ ഏതാണ്ട് പൂർണ്ണമായും കൊന്നൊടുക്കിയത്. ആഫ്രിക്കയിൽ നിന്ന് പാവങ്ങളായ മനുഷ്യരെ അടിമകളാക്കി കൊണ്ടുവന്ന് തെക്കൻ സംസ്ഥാനങ്ങളിലെ പരുത്തിതോട്ടങ്ങളിലും മറ്റിടങ്ങളിലും ദാസ്യവൃത്തി ചെയ്യിച്ചതും അവരാണ്. പുതിയ അമേരിക്ക എന്നു പറയുന്നത് മുഴുവൻതന്നെ പല രാജ്യങ്ങളിൽ നിന്നു വന്ന കുടിയേറ്റക്കാർ സൃഷ്ടിച്ചതാണ്. അവർക്കെതിരായാണ് ട്രംപ് ആദ്യമേ വാളുയർത്തിയത്. അയൽരാജ്യമായ മെക്സിക്കോയ്ക്കും അമേരിക്കയ്ക്കും ഇടയ്ക്ക് വൻമതിൽ പണി തുടങ്ങുകയും ന്യായമായി അമേരിക്കയിൽ വരുന്നവർക്ക് വിസ തടയുകയും സ്ത്രീകളെ അപമാനിക്കുകയും മുസ്ലീം രാജ്യങ്ങളോട് ശത്രുത പുലർത്തുകയും, വംശീയവിരുദ്ധത പ്രോത്സാഹിപ്പിക്കുകയും, ആഗോള താപനത്തിനെതിരെയുള്ള പാരീസ് ഉടമ്പടിയെ പുച്ഛിച്ചു തള്ളുകയും മറ്റും ചെയ്ത ട്രംപ് തമ്പേറടിച്ചു പറഞ്ഞുകൊണ്ടിരുന്നത് അമേരിക്കൻ രാഷ്ട്രത്തിന്റെ മഹത്വത്തെക്കുറിച്ചാണ്. എന്നാൽ വാസ്തവത്തിൽ അദ്ദേഹത്തിന്റെ വാക്കുകളും പ്രവൃത്തികളും ആ രാഷ്ട്രത്തിന്റെ മഹത്വഗോപുരം ഇടിച്ചുകളയുകയായിരുന്നു. തിരിച്ച് അഭിപ്രായമുള്ളവരും ധാരാളമുണ്ടെന്നു മറക്കുന്നില്ല.

നാലാമതായി, അമേരിക്ക ഒരു വൻ ലോകശക്തി എന്ന നിലയിൽ അതിന്റെ അസ്തമയത്തിലേക്ക് മുഖം തിരിച്ചു കഴിഞ്ഞു. ഇനി ബൈഡനല്ല, ആരു വിചാരിച്ചാലും അതിന്റെ പൂർവ്വമഹത്വത്തിലേക്ക് അതിനെ തിരിച്ചുകൊണ്ടുവരാൻ സാധ്യമല്ല. ഇത് ചരിത്രത്തിന്റെ ഒഴുക്കാണ്. അത് താഴേക്കു മാത്രമേ ഒഴുകുകയുള്ളു. എങ്കിലും ജോസഫ് ബൈഡനെപ്പോലെ രാഷ്ട്രീയ പക്വതയോടെ സംസാരിക്കുന്ന ഒരു വ്യക്തിക്ക് ചില നല്ല കാര്യങ്ങൾ ലോകത്തിന് നൽകാൻ കഴിഞ്ഞേക്കും. ഉറപ്പില്ല. എങ്കിലും ചില ചുവരെഴുത്തുകൾ നാം വായിക്കണം. അമേരിക്കയിൽ അടിമകളായിരുന്ന കറുത്ത വർഗ്ഗക്കാരുടെ ഹൃദയം പൊട്ടുന്ന നിലവിളിയും അവർ അനുഭവിച്ച അവഹേളനത്തിന്റെ തേങ്ങലും ഈയിടെ കൊല്ലപ്പെട്ട കറുത്ത വർഗ്ഗക്കാരനായ ജോർജ് ഫ്ളോയിഡ് വരെ മുഴങ്ങിക്കൊണ്ടിരിക്കുന്നു. അതിനിടയിലാണ് ആഫ്രിക്കൻ വംശജനും അറബി പേരുള്ളവനുമായ 'ബാറക്' ഒബാമ പ്രസിഡന്റായത്. കറുത്തവരുടെ അവകാശങ്ങൾക്കു വേണ്ടിയും നീതിക്കുവേണ്ടിയും പോരാടി വെടിയേറ്റു മരിച്ച മാർട്ടിൻ ലൂഥർ കിംഗ് ജൂണിയർ സ്വപ്നത്തിൽ പോലും വിചാരിച്ചു കാണുകയില്ല, വെള്ളക്കാർ മാത്രമിരുന്നിട്ടുള്ള ഓവൽ ഓഫീസിൽ തങ്ങളിൽ ഒരു കറുത്ത വർഗ്ഗക്കാരൻ ഉപവിഷ്ടനാകുമെന്ന്. "ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോടുപോലെയും ഒഴുകട്ടെ" എന്ന് ആമോസ് പ്രവാചകനെ ഉദ്ധരിച്ച് അദ്ദേഹം നടത്തിയ "I have a dream" എന്ന പ്രസംഗം ഇന്നും മുഴങ്ങി കേൾക്കാം. ആ സ്വപ്നം ഒരളവിൽ സാധിതമായി. ഏഷ്യൻ ആഫ്രിക്കൻ ലാറ്റിനമേരിക്കൻ വംശജർ കൂടി പണിതുയർത്തിയ ആധുനിക അമേരിക്ക കുടിയേറ്റക്കാരുടെ അവകാശങ്ങൾ നിഷേധിക്കുകയും, ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളെ വൃത്തികെട്ടവയെന്ന് പരസ്യമായി വിളിക്കുകയും ചെയ്തപ്പോൾ ഇന്ത്യൻ-ജമൈക്കൻ വംശജയായ കമല ഹാരിസ് അമേരിക്കയുടെ ആദ്യ വനിതാ വൈസ് പ്രസിഡന്റായി. കറുത്തവളെന്നു സ്വയം വിശേഷിപ്പിക്കുന്ന ആ പാതി തമിഴത്തിയിലൂടെ വീണ്ടും അത്യപൂർവമായ ഒരു സംഭവമാണ് നാം കാണുന്നത്. "ബലവാന്മാരെ അവരുടെ സിംഹാസനങ്ങളിൽ നിന്നു മറിച്ചിടുകയും വിനീതരെ ഉയർത്തുകയും സമ്പന്നന്മാരെ വെറുംകൈയോടെ അയയ്ക്കുകയും വിശപ്പുള്ളവരെ നന്മകളാൽ തൃപ്തരാക്കുകയും" ചെയ്യുന്ന ഒരു അനുഭവമാണ് നാം കാണുന്നത്. അടുത്ത നാലു വർഷത്തിനകം സവിശേഷമായ സാഹചര്യങ്ങൾ എന്തെങ്കിലുമുണ്ടായാൽ കമല എന്ന ഇന്ത്യാക്കാരി അമേരിക്കൻ പ്രസിഡണ്ടിന്റെ സിംഹാസനത്തിൽ ഇരുന്നു എന്നു വരാം. ഹിലരി ക്ലിന്റൺ ഉൾപ്പെടെ അമേരിക്കയിലെ വെള്ളക്കാരായ ഉപരിവർഗ്ഗ വനിതകൾ സ്വപ്നം കണ്ട ആ സ്ഥാനമായിരിക്കും അപ്പോൾ ഇന്ത്യയുടെയും ആഫ്രിക്കയുടെയും ഛായയുള്ള കമലയിൽ പൂർത്തീകരിക്കപ്പെടുന്നത്.

അഞ്ചാമതായി, ലോകത്തിന്റെ ഒരു പുതിയ നീതിക്രമത്തെക്കുറിച്ച് എത്രയോ നാളായി ജ്ഞാനികളും ദീർഘദൃഷ്ടിയുള്ളവരുമായ ആളുകൾ പറഞ്ഞുകൊണ്ടിരിക്കുന്നു. മാരകായുധങ്ങൾ സൃഷ്ടിച്ച് കച്ചവടം ചെയ്ത്, ആഗോള ചൂഷണ സമ്പദ് വ്യവസ്ഥയിലൂടെ പാവങ്ങളെ പിഴിഞ്ഞെടുത്ത്, ഭൂമിയെ മരുപ്പരപ്പാക്കി അന്തരീക്ഷത്തിൽ വിഷവാതകം നിറയ്ക്കുന്ന നമ്മുടെ ജൈവവിരുദ്ധ സംസ്കാരം ഇല്ലാതായെങ്കിൽ മാത്രമേ ഭദ്രവും ആരോഗ്യകരവുമായ ഒരു ലോകക്രമം നിലവിൽ വരൂ. രാഷ്ട്രങ്ങളുടെയും മതങ്ങളുടെയും കടിഞ്ഞാൺ പിടിക്കുന്നവർക്കും സാംസ്കാരിക നായകന്മാർക്കും ഇവിടെ നിർണ്ണായകമായ പങ്കുണ്ട്. അതാണ് കൊറോണ വൈറസ് ഇപ്പോൾ നമ്മുടെ ചെവികളിൽ മന്ത്രിക്കുന്നത്. മനുഷ്യവർഗ്ഗത്തിന്റെ മനംതിരിയലിന് മതനേതാക്കളെങ്കിലും ഒരു വഴി കാണിച്ചിരുന്നെങ്കിൽ എന്ന് നമുക്ക് ആഗ്രഹിക്കാം, ആശിക്കാം.